(ഡി) വികലാംഗ ക്വാട്ടയിൽ 18-ാം റാങ്കുകാരന് നിയമനം കിട്ടുന്നതിന് സാധ്യതയുണ്ടോ ;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുക ; സൂപ്പർന്യൂമററി ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) 2011- 2012 സാമ്പത്തിക വർഷത്തിൽ, പെൻഷൻ പ്രായം ഏകീകരിച്ചതുമായി ബന്ധപ്പെട്ട്, പെൻഷൻ ഏകീകരണം നിലവിലില്ലായിരുന്നെങ്കിൽ ജീവനക്കാർ വിരമിക്കുമായിരുന്ന ഒഴിവ് കണക്കാക്കി എൻട്രി കേഡറിൽ ഉണ്ടാകുമായിരുന്ന പ്രതീക്ഷിത ഒഴിവുകളിലേക്ക് സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പു മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ജില്ലാടിസ്ഥാനത്തിലുള്ള പി.എസ്.സി. നിയമനം**

**162 (6017)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാടിസ്ഥാനത്തിലുള്ള നിയമനത്തിന് പി.എസ്.സി. അപേക്ഷ ക്ഷണിച്ചാൽ രണ്ട് ജില്ലകളിൽ അപേക്ഷിച്ചവരെ അയോഗ്യരാക്കുന്നതിന് വ്യവസ്ഥയുണ്ടോ ;

(ബി) പ്രസ്തുത വ്യവസ്ഥയിൽ ഇളവ് നൽകി ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ ; എങ്കിൽ ആർക്കൊക്കെ, ഏതെല്ലാം തസ്തികകളിൽ, ഏതെല്ലാം വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട് ;

(സി) പി.എസ്.സി.യുടെ പ്രസ്തുത വ്യവസ്ഥ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് നിയമനം**

**163 (6018)** ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ പി.എസ്.സി. വഴിയല്ലാതെ (ഉദ്യോഗക്കയറ്റം/തസ്തിക മാറ്റം/ആശ്രിതനിയമനം/സ്പോർട്ട്സ് ക്വാട്ട മുതലായവ) പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനം സംബന്ധിച്ചുള്ള ശതമാന കണക്കുകൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പി.എസ്.സി. വഴിയല്ലാതെ പ്രസ്തുത തസ്തികയിൽ നിയമനം നടക്കുന്നതുമൂലം സംവരണ വിഭാഗക്കാർക്ക് അർഹമായ സംവരണം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 2010 ജനുവരി 1 മുതൽ 2010 ഡിസംബർ 31 വരെ പൊതുഭരണ വകുപ്പിൽ പി.എസ്.സി. വഴിയല്ലാതെ അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം ലഭിച്ച എത്ര പേരുണ്ട് ; അവരുടെ പേരും സമുദായവും തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ ?

## ഉത്തരം

(എ) പി.എസ്.സി. വഴിയല്ലാതെയുള്ള പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിന്റെ ശതമാന കണക്കുകൾ ചുവടെ ചേർക്കുന്നു.

(i) ടൈപ്പിസ്റ്റ്/സി.എ - 20%

(ii) താഴ്ന്ന വിഭാഗം ജീവനക്കാർ - 4%

(iii) ആശ്രിത നിയമനം - 5%

(iv) സ്പോർട്സ് ക്വാട്ട - പൊതുഭരണ വകുപ്പിന് മാത്രമായി നിശ്ചിത ശതമാനം ക്ലിപ്തപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്താകെ വർഷം തോറും 50 തസ്തികയിൽ 10% അസിസ്റ്റന്റ് തസ്തിക സ്പോർട്സ് ക്വാട്ടയായി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല

(സി)

| പേര് (1) | നിയമനരീതി (2) | സമുദായം (3) |
|---|---|---|
| 1. അരവിന്ദ്, ആർ.എസ്. | സമാശ്വാസ തൊഴിൽ ദാനപദ്ധതി | ഹിന്ദു-നായർ |
| 2. കുമാരി ഷൈജ. | ” | sicu |
| 3. ഷൈലജ പി. | തസ്തികമാറ്റം ടൈപ്പിസ്റ്റ് | ക്രിസ്റ്റ്യൻ നാടാർ ഹിന്ദു-നായർ |
| 4. ജയശ്രീ, പി | ” | ” |
| 5. ഷൈലാ ബീവി | തസ്തികമാറ്റം ടൈപ്പിസ്റ്റ് | ഇസ്ലാം-മുസ്ലീം |
| 6. സീനത്ത് എം. | ” | ” |
| 7. കുക്കു എബ്രഹാം | സമാശ്വാസ തൊഴിൽ ദാനപദ്ധതി | ക്രിസ്ത്യൻ ഓർത്തഡോക്സ് സിറിയൻ |
| 8. ഹരിഹരൻ, എ. | തസ്തികമാറ്റം ടൈപ്പിസ്റ്റ് | ഹിന്ദു-വേലൻ |
| 9. നെൽസൺ, ടി.ജെ. | താഴ്ന്ന വിഭാഗം ജീവനക്കാർ | ലാറ്റിൻ-ക്രിസ്ത്യൻ |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 10. പ്രീതാകുമാരി, വി.എസ്. | " | ഹിന്ദു-ഈഴവ |
| 11. ഷീബ, എ. | " | ഹിന്ദു-വണ്ണാൻ |
| 12. മധുസൂദനൻ നായർ, എൻ. | " | ഹിന്ദു-നായർ |
| 13. ജയകുമാർ, സി. | " | ഹിന്ദു-നായർ |
| 14. മോഹൻദാസ്, പി.എൻ. | " | ഹിന്ദു-വിശ്വകർമ്മ |
| 15. പ്രേംജി, ബി.ഒ. | " | ഹിന്ദു-നായർ |
| 16. സതീശൻ, പി.ആർ. | തസ്തികമാറ്റം ടൈപ്പിസ്റ്റ് | ഹിന്ദു-ഈഴവ |
| 17. ജയചിത്ര, സി. | " | ഹിന്ദു-നായർ |
| 18. രാജേഷ്, എൻ. | " | ഹിന്ദു-തീയ |
| 19. മനോജ്, കെ. | " | ഹിന്ദു-തീയ |
| 20. സുധ, ബി. | " | ഹിന്ദു-നാടാർ |
| 21. അംബിക,കെ. | " | ഹിന്ദു-നായർ |
| 22. രജനി, ആർ.എസ്. | സമാശ്വാസ തൊഴിൽ ദാനപദ്ധതി | ഹിന്ദു-ഈഴവ |
| 23. അർച്ചന, എസ്. | " | ഹിന്ദു-ഈഴവ |
| 24. പ്രീത, പി. ആർ. | " | ഹിന്ദു-ഈഴവ |
| 25. സരീഷ്, കെ. | " | ഹിന്ദു-നായർ |
| 26. ജിതേഷ്, എസ്.വി. | " | ലാറ്റിൻ-ക്രിസ്ത്യൻ |
| 27. സലീന, എഫ്. | " | ഇസ്ലാം മുസ്ലീം |
| 28. ബിജു മണി, എം. | സ്പോർട്സ് ക്വാട്ടാ | ഹിന്ദു നാടാർ |

## വികലാംഗ ഒഴിവിൽ നിയമനം

**164 (6019)** ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ ക്ലാസ് I, ക്ലാസ് II തസ്തികകളിൽ വികലാംഗർക്കായി 3% ഒഴിവുകൾ സംവരണം ചെയ്തുകൊണ്ടുള്ള ഉത്തരവ് പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ വികലാംഗ സംവരണപ്രകാരം നിയമനം നൽകിയിട്ടുണ്ടോ;